# വെളിപ്പാട് പുസ്തകത്തിന്റെ ജീവ-പഠനം

### ദൂത് ഇരുപത്തേഴ്

## യെരൂശലേമിനെ ചവിട്ടുന്നതും രണ്ടു സാക്ഷികളുടെ സാക്ഷ്യവും

Sat — അധ്യായം പത്തും അധ്യായം പതിനൊന്നിലെ ഒന്നാം ഭാഗവും ആറാമത്തെയും ഏഴാമത്തെയും കാഹളങ്ങൾക്കിടയിലുള്ള ഒരു ഉൾച്ചേർക്കലാണ്. അധ്യായം പത്തിൽ ഭൂമിയെ കൈവശമാക്കുവാൻ ക്രിസ്തു മടങ്ങിവരുന്നതിന്റെ വ്യക്തമായ ഒരു ദർശനം നമുക്കുണ്ട്. അധ്യായം പതിനൊന്നിൽ നമുക്ക് ഈ പുസ്തകത്തിലെ പ്രവചനത്തോട് നിർണ്ണായകമായിരിക്കുന്ന ഒരു ദർശനം ഉണ്ട്. ഈ ദർശനം നാം പരിഗണിക്കുമ്പോൾ, മൂന്നു പ്രധാന കാര്യങ്ങൾ നമ്മുടെ മനസ്സിൽ സൂക്ഷിക്കണം: സമയവും, സ്ഥലവും, ജനവും. ഈ ദർശനത്തിന്റെ സമയദൈർഘ്യം നാല്പത്തിരണ്ടു മാസങ്ങളാണ് (വാ. 2). ഈ നാല്പത്തിരണ്ടു മാസങ്ങൾ ആയിരത്തിരുനൂറ്ററുപതു ദിവസങ്ങളാണ് (വാ 3). ഇത് ദാനിയേൽ പുസ്തകത്തിലെ വചനങ്ങളോടുള്ള ഒരു പരാമർശമാണെന്നതിന് സംശയമില്ല: അവിടെ എഴുപത് ആഴ്ചവട്ടങ്ങളിൽ അവസാനത്തേതിന്റെ രണ്ടാം പകുതിയായ മൂന്നര വർഷത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട് (ദാനി. 12:7; 7:26; 9:27). വെളിപ്പാടിൽ നമുക്ക് ദാനിയേലിൽ പറഞ്ഞിരിക്കുന്നതിന്റെ നിറവേറൽ ഉണ്ട്. ഈ ദർശനത്തിലെ സ്ഥലം, ദാനിയേൽ പ്രവചനമനുസരിച്ച് ജാതികൾക്ക്, മുഖ്യമായും എതിർക്രിസ്തുവിന്, ഏല്പിച്ചുകൊടുക്കുന്ന യെരൂശലേം നഗരമാണ്. ഏഴു വർഷത്തേക്ക് യിസ്രായേലുമായി ഉണ്ടാക്കിയ ഉടമ്പടി എതിർക്രിസ്തു ലംഘിക്കുമ്പോൾ, അവൻ യെഹൂദന്മാരെ ഉപദ്രവിക്കുകയും, ദൈവാരാധന നിർത്തലാക്കുവാൻ അവരെ നിർബന്ധിക്കുകയും ചെയ്യും (വെളി. 13:7; ദാനി. 7:21; 8:11-12). എതിർക്രിസ്തുവിന്റെ വശത്തുനിന്ന്, അവൻ യെരൂശലേമിന്റെ നിയന്ത്രണം പിടിച്ചെടുക്കുകയും, എന്നാൽ ദൈവത്തിന്റെ വശത്തുനിന്ന്, ദൈവം യെരൂശലേമിനെ അവന് ഏല്പിച്ചുകൊടുക്കുകയും ചെയ്യും. യെരൂശലേം നഗരത്തോട് എതിർക്രിസ്തു ചെയ്യുവാൻ ആഗ്രഹിക്കുന്നതെന്തും ചെയ്യുവാൻ ദൈവം അവനെ അനുവദിക്കുമെന്നാണ് ഇതിന്റെ അർഥം.

ഈ നാല്പത്തിരണ്ടു മാസം യെരൂശലേം നഗരത്തിൽ രണ്ടു സാക്ഷികൾ ഉണ്ടായിരിക്കും; അവർ രണ്ട് ഒലിവു വൃക്ഷങ്ങളും, രണ്ട് നിലവിളക്കുകളും ആണ്; അവർ രട്ട് ഉടുത്തുകൊണ്ട് പ്രവചിക്കും (വാ. 3-4). നാം കാണാൻപോകുന്നതുപോലെ, ഈ രണ്ടു സാക്ഷികൾ പുതിയ വ്യക്തികളായിരിക്കുകയില്ല, പിന്നെയോ പഴയനിയമ കാലങ്ങളിൽ ഉണ്ടായിരുന്ന മോശെയും ഏലീയാവും എന്ന രണ്ടുപേരാണ്. വെളിപ്പാട് 11-ൽ ഈ രണ്ടു സാക്ഷികൾ "ഭൂമിയുടെ കർത്താവിനു മുമ്പാകെ നിൽക്കുന്നു" (വാ. 4). വചനത്തിന്റെ ഈ ഭാഗത്തിലേക്ക് നാം വരുമ്പോൾ, സമയം, സ്ഥലം, സാക്ഷികൾ എന്നീ മൂന്നു കാര്യങ്ങൾ നാം മനസ്സിൽ സൂക്ഷിക്കണം.

## I. മഹോപദ്രവത്തിന്റെ സമയത്ത്

ജാതികൾ "നാല്പത്തിരണ്ടു മാസം വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കും" എന്ന് വാക്യം 2 പറയുന്നു. ഈ യുഗത്തിന്റെ അവസാനം, ഒരു ആഴ്ചവട്ടത്തേക്ക് (ഏഴു വർഷം) എതിർക്രിസ്തു യെഹൂദന്മാരുമായി ഒരു ദൃഢമായ ഉടമ്പടി ഉണ്ടാക്കും; അത് ദാനീയേൽ 9:24-27-ൽ യെഹൂദജാതിക്കുവേണ്ടി ദൈവം നിയമിച്ച എഴുപത് ആഴ്ചവട്ടത്തിന്റെ അവസാനത്തെ ആഴ്ചവട്ടമായിരിക്കും. അവസാനത്തെ ആഴ്ചവട്ടത്തിന്റെ മധ്യത്തിൽ (അതായത്, ഏഴു വർഷത്തിന്റെ ആദ്യത്തെ പകുതിക്കു ശേഷം), എതിർക്രിസ്തു ഉടമ്പടി ലംഘിക്കുകയും ദൈവാരാധന ഇല്ലാതാക്കുകയും ചെയ്യും (ദാന. 9:27). പിന്നീട് അവൻ ദൈവത്തെ ദുഷിക്കുകയും മൂന്നര വർഷം ദൈവജനത്തെ ഉപദ്രവിക്കുകയും ചെയ്യും (13:5-7; ദാനീ. 7:25; 12:7); അത് ഇവിടെ പറഞ്ഞിരിക്കുന്നതും ദാനീയേൽ 9:27-ലെ അവസാന ആഴ്ചവട്ടത്തിന്റെ അവസാന പകുതിയുമായ, യെരൂശലേം എന്ന വിശുദ്ധ നഗരത്തെ എതിർക്രിസ്തു നശിപ്പിക്കുന്ന നാല്പത്തിരണ്ടു മാസം, ആയിരത്തിരുന്നൂററുപതു ദിവസം, ആയിരിക്കും. മത്തായി 24:15-ഉം 21-ഉം അനുസരിച്ച്, അവസാനത്തെ ഈ മൂന്നര വർഷം മഹോപദ്രവത്തിന്റെ സമയമായിരിക്കണം.

## II. യെരൂശലേമിനെ ചവിട്ടിമെതിക്കുന്നത്

വാക്യം 1-ലും 2-ലും നാം യെരൂശലേമിനെ ചവിട്ടിമെതിക്കുന്നതിനെക്കുറിച്ചു വായിക്കുന്നു: "പിന്നെ ദണ്ഡുപോലെയുള്ള ഒരു അളവുകോൽ എനിക്കു നൽകിയിട്ട് ഒരുവൻ പറഞ്ഞു, എഴുന്നേറ്റ് ദൈവാലയത്തെയും യാഗപീഠത്തെയും അതിൽ ആരാധിക്കുന്നവരെയും അളക്കുക. ആലയത്തിനു പുറത്തുള്ള പ്രാകാരത്തെ തള്ളിക്കളയുക, അതിനെ അളക്കരുത്, എന്തുകൊണ്ടെന്നാൽ അതു ജാതികൾക്ക് കൊടുത്തിരിക്കുന്നു,

അവർ നാൽപത്തിരണ്ടു മാസം വിശുദ്ധനഗരത്തെ ചവിട്ടിമെതിക്കും." ദണ്ഡ് അളക്കുന്നതിനുവേണ്ടിയാണ് (21:15; യെഹെ. 40:3; 42:16-19) എന്നാൽ കോൽ ശിക്ഷയെ സൂചിപ്പിക്കുന്നു (സദൃ. 10:13; യെശ. 10:5; 11:4). ഇക്കാരണത്താൽ ഇവിടെ "ദണ്ഡുപോലെയുള്ള ഒരു അളവുകോൽ" ശിക്ഷയോടുകൂടെ അളക്കുന്നതിനെ ചൂണ്ടിക്കാണിക്കുന്നു. അളക്കുകയെന്നാൽ ശുദ്ധീകരിക്കുക, കാത്തുസൂക്ഷിക്കുക, സ്വന്തമാക്കുക എന്നാണ് (സംഖ്യ. 35:2, 5; യെഹെ. 45:1-3; 42:15, 20; 48:8, 12, 15). ഒന്നാം വാക്യത്തിലെ യാഗപീഠം പൊന്നുകൊണ്ടുള്ള ധൂപപീഠത്തെ പ്രതിപാദിക്കുന്നു, കാരണം അത് ആലയത്തിലാണ്, "ആലയത്തിനു പുറത്തുള്ള പ്രാകാര"ത്തിലെ താമ്രയാഗപീഠമല്ല (വാ. 2). രണ്ടാം വാക്യത്തിലെ പ്രാകാരം ഭൂമിയിലാണ്. ഇവിടെ വിശുദ്ധനഗരം ഭൗമിക യെരൂശലേമിനെ പ്രതിപാദിക്കുന്നു (യെശ. 52:1; മത്താ. 27:53).

ദൈവത്തിന്റെ ആലയത്തെയും യാഗപീഠത്തെയും അളക്കുവാൻ അപ്പൊസ്തലനായ യോഹന്നാനോടു പറഞ്ഞു. ഇത് സ്വർഗത്തിലുള്ള ആലയവും യാഗപീഠവും ആണെന്നതിനു സംശയമില്ല. ഈ അളക്കൽ ചൂണ്ടിക്കാണിക്കുന്നത് നശിപ്പിക്കുന്നതിൽനിന്നും സ്വർഗം സംരക്ഷിക്കപ്പെട്ടിരിക്കും എന്നാണ്. സാത്താൻ ആകാശത്തുനിന്നും ഭൂമിയിലേക്കു തള്ളപ്പെടുന്നതുകൊണ്ട്, ഈ മൂന്നര വർഷം സ്വർഗം സംരക്ഷിക്കപ്പെടും. ആൺകുട്ടി സ്വർഗത്തിലേക്ക് എടുക്കപ്പെട്ടിരിക്കുന്നതുകൊണ്ട്, സാത്താന് ഇനിമേൽ അവിടെ യാതൊരു സ്ഥലവും ഉണ്ടായിരിക്കുകയില്ല. ജയാളികൾ എവിടെയുണ്ടോ അവിടെ സാത്താന് യാതൊരു ഇടവും ഇല്ല. ജയാളികൾ മേലോട്ട് പോരാടി സ്വർഗത്തിലേക്ക് കയറുകയും, അവിടെയെത്തിക്കഴിഞ്ഞാൽ അവർക്കും സാത്താനും ഇടയിൽ ഉഗ്രയുദ്ധം ഉണ്ടാകുകയും ചെയ്യും. സാത്താനെ തോല്പിക്കുകയും അവനെ ഭൂമിയിലേക്ക് തള്ളിക്കളയുകയും ചെയ്യും. അതിനുശേഷം ഹർമ്മഗെദ്ദോനിൽ എത്തി എതിർക്രിസ്തുവിന്റെ സൈന്യത്തെ നശിപ്പിക്കുന്നതുവരെ ക്രിസ്തുവും ജയാളികളും താഴോട്ട് പോരാടി ഭൂമിയിലേക്ക് ഇറങ്ങിവരും. അവസാനത്തെ മൂന്നര വർഷം സാത്താന്റെ യാതൊരു അംശവും സ്വർഗത്തിൽ ഉണ്ടായിരിക്കുകയില്ല; സ്വർഗം മുഴുവനായി സംരക്ഷിക്കപ്പെട്ടിരിക്കും. ആ സമയം, പൈശാചിക കൂട്ടുകെട്ടായ സാത്താനും എതിർക്രിസ്തുവും കള്ളപ്രവാചകനും ഭൂമിയെ തങ്ങളാലാവോളം ദുഷിപ്പിക്കുന്നത് പ്രവർത്തിച്ചുകൊണ്ട് ഭൂമിയിലായിരിക്കും.

സ്വർഗത്തിലെ ദൈവാലയത്തെ അളക്കുമ്പോൾ "ആലയത്തിനു പുറത്തുള്ള പ്രാകാരത്തെ" അളക്കാതെ "തള്ളിക്കളയും" "എന്തുകൊണ്ടെന്നാൽ അതു ജാതികൾക്ക് കൊടുത്തിരിക്കുന്നു, അവർ നാൽപത്തിരണ്ടു മാസം വിശുദ്ധനഗരത്തെ

ചവിട്ടിമെതിക്കും" (വാ. 2). ഇവിടെ നാം കാണുന്നത് ഭൂമിയിലെ യെരൂശലേം എന്ന ഭൗമിക ആലയം എതിർക്രിസ്തുവിനാലും ജാതികളാലും നശിപ്പിക്കപ്പെടേണ്ടതിനു നൽകപ്പെടും എന്നാണ്.

## III. രണ്ടു സാക്ഷികളുടെ സാക്ഷ്യം

### A. രണ്ടു സാക്ഷികൾ

ഇനി നാം രണ്ടു സാക്ഷികളുടെ സാക്ഷ്യത്തിലേക്കു വരുന്നു (വാ. 3-12). രണ്ടു സാക്ഷികളിൽ ഒരാൾ ഏലീയാവാണെന്ന് എല്ലാ വേദപുസ്തക പഠിതാക്കളും സമ്മതിക്കുന്നു. മറ്റൊരുവൻ ആരാണെന്ന കാര്യത്തിൽ, ഹാനോക്കാണോ മോശെയാണോ എന്ന കാര്യത്തിൽ, ചില ഭിന്നാഭിപ്രായങ്ങളുണ്ട്. ഏലീയാവു കഴിഞ്ഞാൽ ഒരിക്കലും മരിക്കാത്തവനായി ഹാനോക്ക് മാത്രമേ ഉള്ളൂ എന്നതുകൊണ്ട് ചിലർ ഹാനോക്കാണെന്നു വാദിക്കുന്നു. എബ്രായർ 9:27 അനുസരിച്ച് ഒരിക്കൽ മരിക്കണം എന്നു മനുഷ്യനു നിയമിച്ചിരിക്കുന്നു. ഈ വീക്ഷണം പിടിച്ചിരിക്കുന്നവർ പറയുന്നത് ഹാനോക്കും ഏലീയാവും ഒരിക്കലും മരിച്ചിട്ടില്ലാത്തതിനാൽ അവരായിരിക്കണം മഹോപദ്രവകാലത്ത് ഒരിക്കൽ മരിക്കുന്ന രണ്ടു സാക്ഷികൾ എന്നാണ്. മോശെ മരിച്ചുകഴിഞ്ഞതിനാൽ അവന് രണ്ടാമത് മരിക്കുവാൻ കഴിയുകയില്ല. എന്നാൽ ലാസറിന്റെ കാര്യം എങ്ങനെയാണ്? ഈ രീതിയിലുള്ള ചിന്തയ്ക്കു വിപരീതമായി അവൻ മരിക്കുകയും, ഉയിർത്തെഴുന്നേൽക്കുകയും, വീണ്ടും മരിക്കുകയും ചെയ്തു. രണ്ടു സാക്ഷികൾ മോശെയും ഏലീയാവും ആണെന്ന് നാം എന്തുകൊണ്ടാണ് പറയുന്നത്? ഈ അവകാശവാദം വേദപുസ്തകത്തിലെ വസ്തുതകളിന്മേൽ ശക്തമായി അടിസ്ഥാനപ്പെട്ടിരിക്കുന്നു എന്നതുകൊണ്ടാണ്. മോശെയും ഏലീയാവുമാണ് ദൈവത്തിന്റെ രണ്ടു സാക്ഷികളെന്ന് വേദപുസ്തകം വെളിപ്പെടുത്തുന്നു. 11:5-ലും 6-ലും അവർ ചെയ്യുന്നത് മോശെയുടെയും ഏലീയാവിന്റെയും പ്രവൃത്തികൾ പോലെ തന്നെയാണ് (പുറ. 7:17, 19; 9:14; 11:1; 2 രാജാ. 1:10-12; 1 രാജാ. 17:1). മോശെ വെള്ളത്തെ രക്തമാക്കുകയും ഏലീയാവ് സ്വർഗത്തിൽനിന്നും തീ ഇറക്കുകയും ചെയ്തു. അതുകൊണ്ട്, അവരുടെ ശുശ്രൂഷ അനുസരിച്ച് രണ്ടു സാക്ഷികൾ മോശെയും ഏലീയാവും ആയിരിക്കണം. കൂടാതെ, അവർ കായാന്തരണ മലയിൽ കർത്താവിന്റെ സന്നിധിയിൽ പ്രത്യക്ഷരായി (മത്താ. 17:1-3). ന്യായപ്രമാണത്തെ പ്രതിനിധീകരിക്കുന്ന മോശെയും, പ്രവാചകന്മാരെ പ്രതിനിധികരിക്കുന്ന ഏലീയാവും (ലൂക്കൊ. 16:16), രണ്ടുപേരും ദൈവത്തിനുവേണ്ടി സാക്ഷ്യപ്പെടുത്തുന്നു. പഴയനിയമം ഈ രണ്ടു മനുഷ്യരുടെ പ്രതിനിധീകരണ എഴുത്തുകളായ ന്യായപ്രമാണത്താലും പ്രവാചകന്മാരാലും

രചിക്കപ്പെട്ടതാണ്. ന്യായപ്രമാണം മോശെ മുഖാന്തരം നല്കപ്പെട്ടതും ഏലീയാവ് മുഖ്യ പ്രവാചകനും ആയിരുന്നു. ഇക്കാരണത്താൽ, പഴയനിയമത്തെ "ന്യായപ്രമാണവും പ്രവാചകന്മാരും" എന്നു വിളിച്ചിരുന്നു (ലൂക്കൊ. 16:16). ഈ രണ്ടു ശുശ്രൂഷകൾ എപ്പോഴും ദൈവത്തിന്റെ സാക്ഷ്യമായിരുന്നു. നൂറ്റാണ്ടുകളായി, മോശെയാൽ പ്രതിനിധീകരിക്കപ്പെട്ട ന്യായപ്രമാണവും ഏലീയാവിനാൽ പ്രതിനിധീകരിക്കപ്പെട്ട പ്രവചകന്മാരും ഭൂമിയിൽ ദൈവത്തിന്റെ സാക്ഷികളായിരുന്നു. ഏലീയാവിന്റെ ദൗത്യം മുന്നറിയിക്കപ്പെട്ടിരുന്നു (മലാ. 4:5; മത്താ. 17:11).

### *1. ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ടു ഒലിവു വൃക്ഷങ്ങളും, രണ്ടു നിലവിളക്കുകളും, രണ്ടു അഭിഷിക്തന്മാരും*

ഈ രണ്ടു സാക്ഷികൾ ഭൂമിയുടെ കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ടു ഒലിവു വൃക്ഷങ്ങളും, രണ്ടു നിലവിളക്കുകളും, രണ്ടു അഭിഷിക്തന്മാരും ആണ് (വാ. 4; സെഖ. 4:3, 11-12, 14). വാക്യം 4 പറയുന്നു, "ഇവരാകുന്നു ഭൂമിയുടെ കർത്താവിനു മുമ്പാകെ നിൽക്കുന്ന രണ്ട് ഒലിവ് വൃക്ഷങ്ങളും രണ്ടു നിലവിളക്കുകളും." വാക്യം 4-ൽ പറഞ്ഞിരിക്കുന്ന ഒലിവു വൃക്ഷങ്ങൾ വിളക്കുകൾക്കു വേണ്ടിയുള്ള എണ്ണ ഉല്പാദിപ്പിക്കുകയും, നിലവിളക്കുകൾ ഒലിവു വൃക്ഷങ്ങളിൽനിന്നുള്ള എണ്ണയാൽ പ്രകാശം നല്കുകയും ചെയ്യുന്നു. അവർ "സർവഭൂമിയുടെയും കർത്താവിന്റെ സന്നിധിയിൽ നിൽക്കുന്ന രണ്ട് അഭിഷിക്തന്മാർ" ആണെന്ന് സെഖര്യാവ് 4:14 പറയുന്നു. അവർ എണ്ണകൊണ്ടു നിറഞ്ഞിരിക്കുന്നതു കൊണ്ട് അവരെ അഭിഷിക്തന്മാർ എന്നു വിളിക്കുന്നു; അവർ ആത്മാവുകൊണ്ടു നിറഞ്ഞവരാണ്. തന്മൂലം, അവർക്ക് രണ്ടു സാക്ഷികൾ, രണ്ടു നിലവിളക്കുകൾ, രണ്ടു ഒലിവു വൃക്ഷങ്ങൾ, രണ്ടു അഭിഷിക്തന്മാർ എന്നിങ്ങനെ നിരവധി പേരുകളുണ്ട്. സഭായുഗത്തിൽ, സഭകൾ ദൈവത്തിന്റെ സാക്ഷ്യത്തിനുവേണ്ടിയുള്ള നിലവിളക്കുകളാണ് (1:20); എന്നാൽ ഈ യുഗത്തിന്റെ അവസാനത്തെ മൂന്നര വർഷം രണ്ടു സാക്ഷികളായിരിക്കും ദൈവത്തിന്റെ സാക്ഷ്യത്തിനുവേണ്ടിയുള്ള നിലവിളക്കുകൾ.

വാക്യം 3-ലെ ആയിരത്തിരുനൂറ്ററുപതു ദിവസം എതിർക്രിസ്തു ദൈവത്തെ ദുഷിക്കുകയും (13:5-6), ദൈവജനത്തെ ഉപദ്രവിക്കുകയും (12:6, 14) ചെയ്യുന്ന കാലഘട്ടമായ വാക്യം 2-ൽ പരാമർശിച്ചിരിക്കുന്ന നാല്പത്തിരണ്ടു മാസമാണ്. അവൻ തന്റെ ദുഷ്ടാധികാരവും ഉപദ്രവവും നടപ്പിൽവരുത്തുമ്പോൾ, രണ്ടു സാക്ഷികൾ പ്രവചിച്ച്, ദൈവത്തിനുവേണ്ടി സംസാരിച്ച്, എതിർക്രിസ്തുവിന്റെ ദുഷ്ട ചെയ്തികൾക്കെതിരായി സാക്ഷ്യപ്പെടുത്തുന്നു. മഹോപദ്രവകാലത്ത്, ഉപദ്രവം കഠിനവും ഉഗ്രവും

ആയിരിക്കും. ഇതുനിമിത്തം, ദൈവം ആത്മാവുകൊണ്ടു നിറഞ്ഞിരിക്കുന്ന മോശെയെയും ഏലീയാവിനെയും മടക്കി അയച്ച്, തങ്ങളുടെ മതത്തെ ഉപേക്ഷിക്കുവാൻ എതിർക്രിസ്തുവിനാൽ നിർബന്ധിപ്പിക്കപ്പെടുന്ന യെഹൂദന്മാരെ ബലപ്പെടുത്തും. അവർ മഹോപദ്രവത്തിൽ ശേഷിക്കപ്പെട്ട വിശുദ്ധന്മാരെയും ബലപ്പെടുത്തും. വെളിപ്പാട് 14 അനുസരിച്ച്, ആദ്യഫലത്തിന്റെ ഉൾപ്രാപണത്തിനുശേഷം ഉടനെ എതിർക്രിസ്തു ദൈവത്തിന്റെ ജനത്തെ ഉപദ്രവിക്കുകയും, അവനെയും അവന്റെ വിഗ്രഹത്തെയും ആരാധിക്കുവാൻ അവരെ നിർബന്ധിക്കുകയും ചെയ്യും (14:9-12). ഈ സമയം, രണ്ടു സാക്ഷികൾ ദൈവത്തിന്റെ ജനത്തെ ബലപ്പെടുത്തും. സമാന്തരമായി, ഒരു ദൂതൻ "മധ്യാകാശത്തിൽ പറന്നുകൊണ്ട്" "നിത്യസുവിശേഷം" പ്രസംഗിക്കും (14:6). ജീവന്റെ സുവിശേഷത്തിൽനിന്നോ രാജ്യത്തിന്റെ സുവിശേഷത്തിൽനിന്നോ വ്യത്യസ്തമായ ഈ സുവിശേഷം ദൈവജനത്തെ ഉപദ്രവിക്കരുതെന്ന് പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട് ദൈവത്തെ ഭയപ്പെടണമെന്നും, എതിർക്രിസ്തുവിനെ ആരാധിക്കരുതെന്ന് പരോക്ഷമായി സൂചിപ്പിച്ചുകൊണ്ട് ദൈവത്തെ ആരാധിക്കണമെന്നും ജനത്തോട് ആജ്ഞാപിക്കും. അങ്ങനെ, മഹോപദ്രവകാലത്ത്, രണ്ടു തരത്തിലുള്ള ബലപ്പെടുത്തലുകൾ ഉണ്ടായിരിക്കും—രണ്ടു സാക്ഷികളാലുള്ള ബലപ്പെടുത്തലും, നിത്യസുവിശേഷം പ്രസംഗിക്കുന്നതിനാലുള്ള ബലപ്പെടുത്തലും.

## 2. രട്ട് ഉടുത്തിരിക്കുന്നു

വാക്യം 3 പറയുന്നു, "ഞാൻ എന്റെ രണ്ടു സാക്ഷികളെ, രട്ട് ഉടുത്തുകൊണ്ട്, ആയിരത്തിരുന്നൂററുപതു ദിവസം പ്രവചിക്കുവാൻ ഇടയാക്കും." വിലപിക്കുന്നതിന്റെ ഒരു അടയാളമാണ് രട്ട് (2 ശമു. 3:31). ഈ രണ്ടു സാക്ഷികൾ ജനത്തിനുള്ള ഒരു മുന്നറിയിപ്പായി വിലാപവസ്ത്രം ധരിക്കും. അവർ സന്തോഷസുവിശേഷം പ്രസംഗിക്കുകയില്ല, മറിച്ച്, ദൈവത്തിന്റെ ന്യായവിധിയിൽനിന്നും എതിർക്രിസ്തുവിന്റെ ആരാധനയിൽനിന്നും അകന്നു നിൽക്കുവാൻ ജനത്തിന് മുന്നറിയിപ്പു നല്കും.

## 3. അവരുടെ ശത്രുക്കളെ ദഹിപ്പിക്കുകയും കൊല്ലുകയും ചെയ്യുന്നു

വാക്യം 5 പറയുന്നു, "ആരെങ്കിലും അവർക്കു ഹാനി വരുത്തുവാൻ ഇച്ഛിച്ചാൽ, അവരുടെ വായിൽനിന്ന് തീ പുറപ്പെട്ട് അവരുടെ ശത്രുക്കളെ വിഴുങ്ങിക്കളയുന്നു. ആരെങ്കിലും അവർക്കു ഹാനി വരുത്തുവാൻ ഇച്ഛിച്ചാൽ, അവൻ അപ്രകാരം കൊല്ലപ്പെടണം." അവർക്കുള്ളതുപോലെ, നമുക്ക് ഈ ശക്തി ഇല്ല; നമ്മുടെ പ്രസംഗത്തിൽ നാം ജനത്തെ കൊല്ലുകയോ

അവരെ ദഹിപ്പിക്കുകയോ ചെയ്യുന്നില്ല. എന്നാൽ, "നിങ്ങൾ ഞങ്ങളെ മുറിവേല്പിക്കുവാൻ ശ്രമിക്കുന്നുവെങ്കിൽ, നിങ്ങളെ ദഹിപ്പിക്കുകയും കൊല്ലുകയും ചെയ്യും" എന്നു പറയുവാൻ ഈ രണ്ടു സാക്ഷികൾക്കു കഴിയും.

### *4. ആകാശത്തെ അടയ്ക്കുവാനും വെള്ളത്തെ രക്തമാക്കുവാനും സകല ബാധകളാലും ഭൂമിയെ ദണ്ഡിപ്പിക്കുവാനും അധികാരമുണ്ട്*

വാക്യം 6 പറയുന്നു, "അവരുടെ പ്രവചന നാളുകളിൽ മഴ പെയ്യാതിരിക്കേണ്ടതിന് ആകാശം അടച്ചുകളയുവാൻ അവർക്ക് അധികാരമുണ്ട്; വെള്ളം രക്തമാക്കി മാറ്റുവാൻ വെള്ളത്തിന്മേലും അവർ ഇച്ഛിക്കുമ്പോഴൊക്കെയും സകല ബാധയുംകൊണ്ട് ഭൂമിയെ അടിക്കുവാനും അവർക്ക് അധികാരമുണ്ട്." മഴ പെയ്യാതവണ്ണം ആകാശത്തെ അടയ്ക്കുന്നത് ഏലീയാവു ചെയ്തതിന് സദൃശമാണ് (1 രാജാ. 17:1; ലൂക്കൊ. 4:25). വെള്ളത്തെ രക്തമാക്കുന്നതും ഭൂമിയെ ബാധകൾകൊണ്ട് ദണ്ഡിപ്പിക്കുന്നതും മോശെ ചെയ്തതിനു സദൃശമാണ് (പുറ. 7:17, 19; 9:14; 11:1).

### *5. എതിർക്രിസ്തുവിനാൽ കൊല്ലപ്പെടുന്നു*

ഈ രണ്ടു സാക്ഷികൾ താൽക്കാലികമായി പരാജയപ്പെടുവാൻ തന്റെ ജ്ഞാനത്തിൽ ദൈവം അനുവദിക്കും. വാക്യം 7 പറയുന്നു, "തങ്ങളുടെ സാക്ഷ്യം അവർ പൂർത്തിയാക്കിയപ്പോൾ, അഗാധത്തിൽനിന്നു കയറിവരുന്ന മൃഗം അവരോട് യുദ്ധം ചെയ്യുകയും അവരെ ജയിക്കുകയും കൊല്ലുകയും ചെയ്യും." ഇവിടെ മൃഗം ആഴത്തിൽനിന്നും (17:8), സമുദ്രത്തിൽനിന്നും (13:1) കയറിവരുന്നവനും, രണ്ടു സാക്ഷികളോടും വിശുദ്ധന്മാരോടും യുദ്ധംചെയ്യുന്നവനുമായ (13:7) എതിർക്രിസ്തു ആണ്. ഒടുവിൽ, എതിർക്രിസ്തുവിൻ കീഴിലുള്ള ഉപദ്രവത്താൽ ഏറ്റവും ശക്തരായ രണ്ട് സാക്ഷികൾപോലും കൊല്ലപ്പെടും. ആ സമയത്ത്, എതിർക്രിസ്തു മനുഷ്യനെതിരായി മാത്രമല്ല പോരാടുന്നത്, പിന്നെയോ ദൈവത്തിനെതിരായും ആണ്. ക്രിസ്തു തന്റെ ജയാളികളോടുകൂടെ അവനെതിരെ നേരിട്ടു പോരാടുവാൻ വരുന്നതുവരെ അവൻ ദൈവത്തിനെതിരായി പോരാടുന്നത് തുടർന്നുകൊണ്ടിരിക്കും. വാസ്തവത്തിൽ ദൈവത്തിനെതിരായി പോരാടുന്ന ഒരു വ്യക്തി ഭൂമിയിൽ ഉണ്ടായിരിക്കും. ദൈവത്തിന്റെ ദേഹരൂപമായ ക്രിസ്തു "അധർമത്തിന്റെ മനുഷ്യനായ" (2 തെസ്സ. 2:3) എതിർക്രിസ്തുവിനോട് പോരാടേണ്ടതിന് ജയാളികളുടെ ഒരു സൈന്യവുമായി ഇറങ്ങിവരും. അവസാനത്തെ മൂന്നര വർഷം "അധർമത്തിന്റെ മനുഷ്യനായ" മൃഗത്തിന്റെ നേതൃത്വത്തിൻ കീഴിലുള്ള മത്സരികളായ മനുഷ്യവർഗവും സ്രഷ്ടാവും

തമ്മിലുള്ള യുദ്ധമായിരിക്കും. ഇത് ക്രിസ്തുവിൽ അവന്റെ സകല ജയാളികളോടുംകൂടെ നേരിട്ട്, ഭൗതികമായി വന്ന് യുദ്ധംചെയ്യുവാൻ ദൈവത്തെ നിർബന്ധിക്കും.

Mon —

### *6. അവരുടെ ശവങ്ങൾ മൂന്നര ദിവസം യെരൂശലേമിന്റെ വീഥിയിൽ ഉപേക്ഷിക്കപ്പെടും*

വാക്യം 9-ഉം 10-ഉം പറയുന്നു, "സകല ജനത്തിലും ഗോത്രത്തിലും ഭാഷയിലും രാഷ്ട്രത്തിലും നിന്നുള്ളവർ അവരുടെ ശവം മൂന്നര ദിവസം കാണുന്നു, അവരുടെ ശവം കല്ലറയിൽ വയ്ക്കുവാൻ അവർ അനുവദിക്കുന്നതുമില്ല. ഭൂമിയിൽ വസിക്കുന്നവർ അവരെച്ചൊല്ലി സന്തോഷിക്കുകയും ഉല്ലസിക്കുകയും ചെയ്യുന്നു; ഈ രണ്ടു പ്രവാചകന്മാർ ഭൂമിയിൽ വസിക്കുന്നവരെ ദണ്ഡിപ്പിച്ചതു നിമിത്തം അവർ അന്യോന്യം സമ്മാനങ്ങൾ അയയ്ക്കും." അവരുടെ ശവങ്ങൾ അടക്കംചെയ്യപ്പെടാതെ, ഒരു ലജ്ജാകരമായ പ്രദർശനത്തിനുവേണ്ടി അവരുടെ കർത്താവു ക്രൂശിക്കപ്പെട്ട സ്ഥലമായ മഹാനഗരത്തിന്റെ വീഥിയിൽ ഉപേക്ഷിക്കപ്പെടും. "മഹാനഗരം" വാക്യം 2-ലെ "വിശുദ്ധനഗരത്തെ" പ്രതിപാദിക്കുന്നു; അത് അവരുടെ കർത്താവു ക്രൂശിക്കപ്പെട്ട ഇടമായ ഭൗതിക യെരൂശലേമും, ആത്മികമായി സൊദോമും മിസ്രയീമും ആയിത്തീരുന്ന ഇടവും ആണ്. 1948-ൽ ആരംഭിച്ച യിസ്രായേൽ രാഷ്ട്രത്തിന്റെ പുനഃസ്ഥാപനത്തിൽ യെഹൂദന്മാർ അവിശ്വാസത്തിൽ അവരുടെ പിതാക്കന്മാരുടെ ദേശത്തിലേക്കു മടങ്ങിവന്നു. "യിസ്രായേൽ മുഴുവനും രക്ഷിക്കപ്പെടുന്ന" (റോമ. 11:26) അവരുടെ മിശിഹയായ ക്രിസ്തുവിന്റെ മടങ്ങിവരവുവരെ അവർ സൊദോംപോലെ പാപകരമായിത്തീരുകയും (പ്ര.നി. യെശ. 1:9-10; 3:9; യിരെ. 23:14), മിസ്രയീംപോലെ ലൗകികരായിത്തീരുകയും ചെയ്യും (പ്ര.നി. യെഹെ. 23:3, 8, 19, 27). ഏറ്റവും ലൗകികരായ ജനം യിസ്രായേൽ എന്ന ചെറിയ രാഷ്ട്രത്തിലാണ് കാണപ്പെടുന്നത്. ഈ യുഗത്തിന്റെ അവസാനത്തിൽ, ദൈവത്തിന്റെ ദൃഷ്ടിയിൽ, യെരൂശലേം സൊദോംപോലെ പാപകരവും മിസ്രയീംപോലെ ലൗകികവും ആയിരിക്കും. ഇതു നിമിത്തം, അവസാനത്തെ മൂന്നര വർഷത്തേക്ക് ദൈവം ഈ നഗരത്തെ കൈവിടും. "അവൾ പോകട്ടെ. ഈ പാപകരവും ലൗകികവുമായ യെരൂശലേമിനോട് അവൻ ആഗ്രഹിക്കുന്നതുപോലെ ചെയ്യേണ്ടതിന് ഞാൻ എതിർക്രിസ്തുവിന്റെ കൈകളിലേക്ക് അവളെ നല്കും" എന്ന് ദൈവം പറയുന്നതായി തോന്നുന്നു.

A.D. 70-ൽ റോമാ രാജകുമാരനായ തീത്തൊസ് യെരൂശലേം നഗരത്തെ നശിപ്പിച്ചു. ദാനിയേലിലും പുതിയനിയമത്തിലും ആ രാജകുമാരൻ എതിർക്രിസ്തുവിന്റെ ഒരു മുൻകുറിയായിരുന്നു. ദാനീയേൽ 9:26-27 രണ്ടുപേരെയും ഒരുവനായി കണക്കാക്കുന്നു.

നിങ്ങൾ ദാനീയേൽ 9 ശ്രദ്ധിച്ചു വായിക്കുമെങ്കിൽ, യെരൂശലേമിന് രണ്ടു നാശങ്ങൾ ഉണ്ടായിരിക്കുമെന്നു നിങ്ങൾ കാണും. ഒന്നാമത്തേത് തീത്തൊാസിനാൽ ആയിരുന്നു, രണ്ടാമത്തേത് എതിർക്രിസ്തുവിനാൽ ആയിരിക്കും. ദാനീയേൽപ്രവചനത്തിൽ രണ്ടും പ്രത്യക്ഷത്തിൽ ഒന്നായി പറഞ്ഞിരിക്കുന്നുവെങ്കിലും, വാസ്തവത്തിൽ അവ ഒന്നല്ല. തീത്തൊാസ് ചെയ്ത അതേ രീതിയിൽ എതിർക്രിസ്തു യെരൂശലേമിനെ നശിപ്പിക്കും. തത്ത്വമനുസരിച്ച്, ഒരു മുൻകുറിയുടെ നിറവേറൽ എപ്പോഴും മുൻകുറിയെക്കാൾ കൂടുതൽ പൂർണമാണ്. ഇക്കാരണത്താലാണ് മഹോപദ്രവം അതിനുമുമ്പോ അതിനുശേഷം പിന്നീടോ സംഭവിക്കുന്നതിനെക്കാൾ വളരെ തീവ്ര തയുള്ളതായിരിക്കുമെന്നു കർത്താവു പറഞ്ഞത്. മത്തായി 24-ലും ലൂക്കൊസ് 21-ലും പോലും തീത്തൊാസിൻകീഴിലുള്ള യെരൂശലേമിന്റെ നാശത്തെ എതിർക്രിസ്തുവിൻ കീഴിലുള്ളതിൽനിന്നും കർത്താവിന്റെ പ്രവചനം വ്യക്തമായി വേർതിരിച്ചില്ല. രണ്ടും ഒന്നിച്ചുചേർന്നി രിക്കുന്നു. ഇക്കാരണത്താൽ, എഴുപത് ആഴ്ചവട്ടങ്ങൾക്ക് അറുപത്തൊമ്പതാമത്തെയും എഴുപതാമത്തെയും ആഴ്ചവ ട്ടങ്ങൾക്കിടയിൽ ഒരു നീണ്ട ഇടവേള ഉണ്ട്. എഴുപതാമത്തെ ആഴ്ചവട്ടം എത്തുന്ന സമയംവരെ ഇടവേളയുടെ ഒരു നീണ്ട കാലയളവുണ്ട്. അറുപത്തൊമ്പതാമത്തെ ആഴ്ചവട്ടത്തിനുശേഷം തീത്തൊാസിൻകീഴിൽ ഒരു നാശം ഉണ്ടായിരുന്നു; അറുപത്തൊ മ്പതാമത്തെയും എഴുപതാമത്തെയും ആഴ്ചവട്ടത്തിനിടയിലുള്ള ഇടവേളയ്ക്കുശേഷം എതിർക്രിസ്തുവിൻകീഴിൽ നാശം ഉണ്ടായിരിക്കും. എന്നാൽ വേദപുസ്തകത്തിൽ ഈ രണ്ടു നാശങ്ങൾ ഏകദേശം ഒന്നായി പറഞ്ഞിരിക്കുന്നു. തീത്തൊാസിന്റെ സമയത്ത്, യെരൂശലേം പാപംനിറഞ്ഞതായിരുന്നു; എതിർക്രിസ്തുവിന്റെ സമയത്ത് അത് കൂടുതൽ പാപംനിറഞ്ഞതായിരിക്കും. വെളിപ്പാട് പതിനൊന്നാം അധ്യായം നഗരത്തെ യെരൂശലേം എന്നുപോലും വിളിക്കുന്നില്ല, മറിച്ച് കർത്താവു ക്രൂശിക്കപ്പെട്ട ഇടത്തെ പ്രതിപാദിച്ചുകൊണ്ട് "മഹാനഗരം" എന്നു പറയുന്നു (വാ. 8). തീർച്ചയായും കർത്താവ് സൊദോമിലോ മിസ്രയീമിലോ ക്രൂശിക്കപ്പെട്ടില്ല; അവൻ ക്രൂശിക്കപ്പെട്ടത് യെരൂശലേമിലായിരുന്നു. എതിർക്രിസ്തുവിനാലുള്ള ഉപദ്രവത്തിന്റെയും നാശത്തിന്റെയും സമയത്ത് യെരൂശലേം സൊദോംപോലെ പാപകരവും മിസ്രയീംപോലെ ലൗകികവും ആയിട്ടുണ്ടായിരിക്കും. യെഹൂദന്മാർ മാനസാന്തരപ്പെടേണ്ടതിന് നാം എത്രമാത്രം അവർക്കുവേണ്ടി പ്രാർഥിക്കേണ്ടിയിരിക്കുന്നു. അവരുടെ ഇടയിൽ നൂറ്റിനാല്പത്തിനാലായിരം വിശ്വസ്തരായവർ ഉണ്ടായിരിക്കും. രണ്ടു സാക്ഷികളുടെ ഉൾപ്രാപണത്തിനുശേഷം, ഹർമ്മഗെദ്ദോനിലുള്ള യുദ്ധത്തിൽ എതിർക്രിസ്തുവിനെ തോല്പിക്കുവാൻ കർത്താവ് തന്റെ സൈന്യവുമായി വരാനുള്ള സമയം അടുത്തിരിക്കും.

## *7. ഉയിർപ്പിക്കപ്പെട്ടു*

വാക്യം 11 പറയുന്നു, "പിന്നെ മൂന്നര ദിവസത്തിനു ശേഷം, ദൈവത്തിൽനിന്നുള്ള ജീവശ്വാസം അവരിലേക്ക് പ്രവേശിക്കുകയും, അവർ തങ്ങളുടെ പാദങ്ങളിന്മേൽ നിൽക്കുകയും ചെയ്തു; അവരെ നോക്കിക്കൊണ്ടിരുന്നവരുടെ മേൽ മഹാഭയം പതിച്ചു." "അവർ തങ്ങളുടെ പാദങ്ങളിന്മേൽ നിന്നു" എന്നത് അവർ ഉയിർപ്പിക്കപ്പെട്ടു എന്നു ചൂണ്ടിക്കാണിക്കുന്നു. അവരുടെ പുനരുത്ഥാനം 1 തെസ്സലൊനീക്യർ 4:16-ൽ പറഞ്ഞിരിക്കുന്നതിൽനിന്നു വിഭിന്നമാണ്. കർത്താവായ യേശു മൂന്നു ദിവസത്തിനുശേഷം ഉയിർപ്പിക്കപ്പെടുകയും, ലാസർ നാലു ദിവസങ്ങൾക്കുശേഷം ഉയിർപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ ഈ രണ്ടു സാക്ഷികൾ മൂന്നര ദിവസങ്ങൾക്കുശേഷം ഉയിർപ്പിക്കപ്പെടും.

## *8. സ്വർഗത്തിലേക്ക് എടുക്കപ്പെട്ടു*

വാക്യം 12 തുടർന്നു പറയുന്നു, "ഇവിടെ കയറിവരുവിൻ എന്ന് സ്വർഗത്തിൽനിന്ന് അവരോട് പറയുന്ന ഒരു മഹാശബ്ദം അവർ കേട്ടു. അവർ മേഘത്തിൽ സ്വർഗത്തിലേക്ക് കയറിപ്പോയി, അവരുടെ ശത്രുക്കൾ അവരെ നോക്കിനിന്നു." "അവർ സ്വർഗത്തിലേക്ക് കയറിപ്പോയി" എന്നത് അവർ എടുക്കപ്പെട്ടു എന്നു ചൂണ്ടിക്കാണിക്കുന്നു. അവരുടെ ഉൾപ്രാപണവും 1 തെസ്സലൊനീക്യർ 4:17-ൽ മുന്നറിയിച്ചിരിക്കുന്നതിൽനിന്നും വിഭിന്നമാണ്.

## B. അവരുടെ സാക്ഷ്യം

രണ്ടു സാക്ഷികൾ "തങ്ങളുടെ സാക്ഷ്യം പൂർത്തിയാക്കി" എന്ന് വാക്യം 7 പറയുന്നു. അവരുടെ സാക്ഷ്യം ഭൂമിയുടെ കർത്താവെന്ന നിലയിൽ ദൈവത്തിനുവേണ്ടിയും (വാ. 4) എതിർക്രിസ്തുവിന് എതിരായും ആയിരിക്കും. മഹോപദ്രവകാലത്ത് രണ്ടു സാക്ഷികൾ ദൈവത്തിനുവേണ്ടിയും എതിർക്രിസ്തുവിനെതിരായും മതിയായ സാക്ഷ്യം നല്കും (ആവ. 17:6; 19:15; മത്താ. 18:16).

രണ്ടു സാക്ഷികളുടെ പുനരുത്ഥാനവും ഉൾപ്രാപണവും അനേകർ കാണുമെങ്കിലും അവർ മാനസാന്തരപ്പെടുകയില്ല. ഇതു ചൂണ്ടിക്കാണിക്കുന്നത് നാം അത്ഭുതങ്ങളിൽ ആശ്രയിക്കരുതെന്നാണ്. അത്ഭുതങ്ങളാൽ മറ്റുള്ളവർക്ക് വിശ്വാസം വരും എന്ന തെറ്റായ ധാരണ അനേകർ വച്ചുപുലർത്തുന്നു. എന്നാൽ, അക്ഷരീയമായി കൊല്ലപ്പെടുന്ന ഈ രണ്ടു സാക്ഷികൾ പെട്ടെന്നും അത്ഭുതകരമായും ഉയിർത്തപ്പെടുകയും സ്വർഗത്തിലേക്ക് എടുക്കപ്പെടുകയും ചെയ്യും. എന്നിരുന്നാലും, ജനം മാനസാന്തരപ്പെടുകയില്ല.

## IV. വലിയ ഒരു ഭൂകമ്പം

വാക്യം 13 പറയുന്നു, "ആ നാഴികയിൽ ഒരു വലിയ ഭൂകമ്പം ഉണ്ടായി, നഗരത്തിന്റെ പത്താം ഭാഗം വീണുപോയി; ആ ഭൂകമ്പത്തിൽ ഏഴായിരം പുരുഷന്മാർ കൊല്ലപ്പെട്ടു, ശേഷമുള്ളവർ ഭയപരവശരായിത്തീർന്ന്, സ്വർഗത്തിലെ ദൈവത്തിനു മഹത്വം കൊടുത്തു." ഇവിടെ പറയുന്ന നഗരം വാക്യം 8-ലെ യെരൂശലേം എന്ന "മഹാനഗരത്തെ" പ്രതിപാദിക്കുന്നു. ഈ ഭൂകമ്പംനിമിത്തം യെരൂശലേംനഗരത്തിന്റെ പത്തിലൊന്ന് വീണുപോകുകയും, 16:19-ലെ അവസാനത്തെ ഭൂകമ്പത്തിൽ നഗരത്തിന്റെ ശേഷിക്കുന്ന ഭാഗം മൂന്നായി വിഭജിക്കപ്പെടുകയും ചെയ്യും.

"ആ ഭൂകമ്പത്തിൽ ഏഴായിരം പുരുഷന്മാർ കൊല്ലപ്പെട്ടു" എന്ന് വാക്യം 13 പറയുന്നു. "പുരുഷന്മാരുടെ പേരുകൾ" എന്ന പ്രയോഗം വിഖ്യാതരായ ജനത്തെ പ്രതിപാദിക്കുന്നു. അവർ പ്രശസ്തരായ ഏഴായിരം ആളുകളായിരിക്കും. ആ സമയം, യിസ്രായേൽ രാഷ്ട്രത്തിനിടയിൽ വിഖ്യാതരായ ജനം ഉണ്ടായിരിക്കും. അവർ കർത്താവായ യേശുവിൽ വിശ്വസിക്കുന്നതിന് നേതൃത്വം എടുക്കാത്തതുകൊണ്ട്, അവരിൽ ഏഴായിരംപേർ ഈ ഭൂകമ്പത്താൽ കൊല്ലപ്പെടും. ഇന്ന് നിരവധി യെഹൂദ തത്ത്വചിന്തകന്മാരും, പണ്ഡിതന്മാരും, രാഷ്ട്രീയ വൈജ്ഞാനികന്മാരും, ധനവിനിയോഗകാര്യ വിദഗ്ദ്ധന്മാരും, പാപംനിറഞ്ഞവരും ലൗകികരും കർത്താവായ യേശുവിൽ വിശ്വസിക്കാത്തവരും ആണ്. ഇന്ന് യിസ്രായേൽരാഷ്ട്രം തികച്ചും വിഖ്യാതരായ ഈ ജനത്തിന്റെ നിയന്ത്രണത്തിൻകീഴിലാണ്. യിസ്രായേലിൽ പേരെടുത്ത മിക്കവാറും ആരുംതന്നെ കർത്താവിൽ വിശ്വസിക്കുകയില്ല. യിസ്രായേലിൽ സകല ക്രിസ്തീയ മിഷണറി വേലയെയും തടസ്സപ്പെടുത്തുവാൻ യിസ്രായേൽ ഭരണകൂടം തീരുമാനിച്ചുവെന്ന് ഈയിടെ ഞാൻ കേട്ടിരുന്നു. ഈ തീരുമാനം വിഖ്യാതരായ ജനത്താൽ ഉണ്ടാക്കപ്പെട്ടതായിരുന്നു. ഈ ഭൂകമ്പം ഉണ്ടാകുമ്പോൾ, അതിനാൽ കൊല്ലപ്പെടുന്നത് മുഖ്യമായും പ്രശസ്തരായ ആളുകളായിരിക്കും.

ഈ വചനഭാഗം നമുക്ക് ഈ യുഗത്തിന്റെ അന്ത്യത്തിൽ യെഹൂദന്മാരുടെ ഇടയിലുള്ള പരിതാപകരമായ സാഹചര്യത്തെ കാണുവാൻ കഴിയുന്ന ഒരു ജനാലയാണ്. ഇക്കാരണത്താൽ ഒരു വലിയ പീഡനം സംഭവിക്കും. ഇന്ന് അറബ് രാഷ്ട്രങ്ങൾ യിസ്രായേൽ രാഷ്ട്രത്തെ നശിപ്പിക്കുവാൻ എന്തെല്ലാം ചെയ്താലും, കർത്താവ് യിസ്രായേലിനെ കരുതുന്നതുകൊണ്ട് അവർ വിജയിക്കുകയില്ല. എന്നാൽ യെഹൂദന്മാർ വാസ്തവമായും കർത്താവിനുവേണ്ടിയുള്ളവരാണെന്ന് ഇതിനർഥമില്ല. "ഞാൻ നിങ്ങളെ കൈവിടും. സ്വർഗം അളക്കപ്പെടുമെങ്കിലും, യെരൂശലേമിനെ ഞാൻ എതിർക്രിസ്തുവിന്റെ കരങ്ങളിൽ ഏല്പിക്കും. തീത്തൊസ്

ചെയ്തതിനെക്കാൾ അധികമായി അവൻ ഈ നഗരത്തെ നശിപ്പിക്കും" എന്ന് ഒരു ദിവസം ദൈവം പറയുന്നതുവരെ അവർ പാപികളും ലൗകികരുമായി തുടരും. സെഖര്യാവ് 12 അനുസരിച്ച്, ഈ ഉപദ്രവം തങ്ങൾ കുത്തിയവങ്കലേക്ക് നോക്കുന്ന ഘട്ടത്തിലേക്ക് ഉപദ്രവമേറ്റ യെഹൂദന്മാരെ കൊണ്ടുവരും. ഈ സന്ദർഭത്തിൽ ക്രിസ്തു മടങ്ങിവരികയും വിശുദ്ധ ദേശത്തിലെ സകല ഗോത്രങ്ങളും രണ്ടായിരം വർഷങ്ങൾക്കുമുമ്പ് അവർ കുത്തിയ സാക്ഷാൽ വീണ്ടെടുപ്പുകാരനെ കാണുകയും ചെയ്യും. അവർ അവനെ നോക്കുമ്പോൾ, അവർ അവനുവേണ്ടി വിലപിക്കുകയും മാനസാന്തരപ്പെടുകയും ചെയ്യും (സെഖ. 12:10-14). എന്നാൽ ഈ വിലപിക്കൽ അല്പം താമസിച്ചുപോയി, കാരണം, അതിനുമുമ്പ് അനേകർ എതിർക്രിസ്തുവിനാൽ കൊല്ലപ്പെടും. ഇത് പ്രവചനത്തിലെ വചനമാണ്. അവർക്കുവേണ്ടി പ്രാർഥിക്കുകയും കർത്താവു നമ്മെ എടുത്തുകൊണ്ടുപോകുവാനുള്ള ആ നാഴികയ്ക്കുവേണ്ടി ഒരുങ്ങുകയുമല്ലാതെ നമുക്കെന്തു ചെയ്യുവാൻ കഴിയും?

ഈ ഭൂകമ്പത്താൽ വിഖ്യാതരായ ഏഴായിരം മനുഷ്യർ കൊല്ലപ്പെട്ടതിനുശേഷം, ശേഷിക്കുന്ന ജനം ഭയചകിതരാകുകയും ദൈവത്തിനു മഹത്വം കൊടുക്കുകയും ചെയ്യും. എല്ലാവരുമല്ലെങ്കിൽകൂടി, അവരിൽ അനേകർ മാനസാന്തരപ്പെടുകയും, അവരുടെ അടുക്കലേക്കുള്ള കർത്താവിന്റെ മടങ്ങിവരവിൽ, അവർ കുത്തിയവനായ കർത്താവിനെ സ്വീകരിക്കുകയും ചെയ്യും.